**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1963** **02-02-2024 - ൽ മറുപടിയ്ക്ക്**

**കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാതയുടെ വികസനവുമായി ബന്ധപ്പെട്ട് ആയിറ്റിയിൽ ബോട്ട് അറ്റകുറ്റപണികൾക്കായി നിർമ്മിച്ച സ്ലിപ്പ്‌വെ പൂർണതോതിൽ ഉപയോഗിക്കാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പിൽ പയ്യന്നൂർ മേഖലയിലെ അയിറ്റിയിൽ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ "സിൽക്ക് " മുഖാന്തിരം ഒരു സ്ലിപ് വേയുടെ നിർമ്മാണം പൂർത്തീകരിച്ച് പൂർണ്ണതോതിൽ ഉപയോഗിച്ചു വരുന്നു. |
| (ബി) | ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ എന്തെങ്കിലും അപാകതകൾ സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ടി സ്ലിപ് വേയുടെ നിർമ്മാണ ഘട്ടങ്ങളിൽ കണ്ടെത്തിയ അപാകതകൾ, ഇറിഗേഷൻ ചീഫ് എൻജിനീയർ, കൊല്ലം-ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ധർ, വകുപ്പ് മെക്കാനിക്കൽ എൻജിനീയർ എന്നിവർ ഉൾക്കൊള്ളുന്ന വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിൽ പൂർണ്ണമായി പരിഹരിച്ച് വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (സി) | ഈ സ്ലിപ്പ്‌വേയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ടി സ്ലിപ് വേയുടെ അനുബന്ധമായി കവേർഡ് ഷെഡ്സ്, കോമ്പൗണ്ട് വാൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി, 130 ലക്ഷം രൂപ മുതൽ മുടക്കിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സിൽക്ക് മുഖാന്തിരം റിനവേഷൻ ജോലികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ